

# രണ്ടു കല്ലുകൾ

**ഫൈസൽ അബൂബക്കർ**

എന്റെ ജീവനേ... ഝടുതിയിൽ
പടി കടക്കാതെ...
സ്വൽപം കൂടി സാവകാശം തരിക.
ഉമ്മയെ വിളിച്ച്
ഫോണിൽ ചുംബിക്കാനല്ല
ഉപ്പയോട് 'അങ്കം കൊതിച്ച
പുത്രന്റെ സ്വർഗം പുറപ്പാടിതാ'
എന്ന് വീമ്പു പറയാനല്ല
ട്രൗസറിന്റെ രണ്ടാം കീശയിൽ
രണ്ട് കല്ല് കൂടി ബാക്കിയുണ്ട്
എനിക്ക് നേരെ പീരങ്കിയുതിർത്ത
ടാങ്കറിലിരിക്കുന്ന ജൂതപ്പട്ടാളത്തിന്റെ
നെറ്റിയിലേക്ക് രണ്ട് കല്ല് കൂടിയെറിഞ്ഞിട്ടു മതി
രണ്ട് കല്ലുകൾക്കിടയിലേക്കുള്ളയെന്റെ വിശ്രമം ■

പുസ്തകപ്പുരയിലേക്കുള്ള
പുസ്തകങ്ങൾ രണ്ട്
കോപ്പി വീതം അയക്കുക.

**വിലാസം**
പുസ്തകപ്പുര, പ്രബോധനം വാരിക
സിൽവർ ഹിൽസ്, കോഴിക്കോട്-12

## കേരള മുസ്‌ലിം ഹിസ്റ്ററി കോൺഫറൻസ് ബുള്ളറ്റിൻ




2013 ഡിസംബർ 22, 23, 24 തീയതികളിൽ കോഴിക്കോട് ജെ.ഡി.റ്റി ഇസ്‌ലാം കാമ്പസിൽ നടന്ന കേരള മുസ്‌ലിം ഹിസ്റ്ററി കോൺഫറൻസ് ഏറെ ശ്രദ്ധേയമായിരുന്നു. കേരള മുസ്‌ലിം സമൂഹത്തിന്റെ ധന്യമായ ഭൂതകാലത്തിലേക്കുള്ള ഒരു യാത്രയായിരുന്നു പ്രസ്തുത സെമിനാർ. അതേപ്പറ്റിയുള്ള പരിചയപ്പെടുത്തലാണ് ഈ ബുള്ളറ്റിൻ.

## തിരുസന്നിധിയിൽ

വിശ്വവിഖ്യാത പണ്ഡിതനും ഒട്ടേറെ ഗ്രന്ഥങ്ങളുടെ കർത്താവുമായ ഇബ്നു ഖയ്യിമിന്റെ 'ഇഅ്‌ലാമുൽ മുവഖ്ഖിഈനി'ലെ *ഫതാവാ റസൂലില്ലാഹി* എന്ന അധ്യായം സംഗ്രഹിച്ച് മുഹമ്മദ് ശമീം ഉമരി വിവർത്തനം ചെയ്ത കൃതിയാണ് 'തിരുസന്നിധിയിൽ.' പ്രസാധനം: ഗസ്സാലി ബുക്സ്. വില 70 രൂപ.



# രാഷ്ട്രീയക്കാർ

**ജയ്ഷ എ നിലമ്പൂർ**
അൽജാമിഅ ശാന്തപുരം

വർഷക്കാലത്തേക്ക് മാത്രം
ധാന്യം ശേഖരിക്കുന്ന
ഉറുമ്പുകൾ ■



# അപ്പൂപ്പൻതാടി

**കണ്ണൻ മഹാദേവൻ, പുനലൂർ**

കാത്തിരുന്ന് കാത്തിരുന്ന്
കടകോലിന് തീ പിടിച്ചപ്പോഴാണ്
വാക്കുണ്ടായത്.

ഓർത്തിരുന്നിട്ടും കാവലിരുന്നിട്ടും
പ്രണയം ഇറവെള്ളം പടർന്നപ്പോഴാണ്
ജീവിതം കഥയായത്.

പൊട്ടിമുളച്ചിട്ട്, അപ്പൂപ്പൻതാടിയായിട്ട്
സ്വപ്നം കൈ തൊടാതെ പറന്നപ്പോഴാണ്
യൗവനം ജലം വറ്റിയ അണക്കെട്ടായത്.

ഇനി,
പ്രാകി തേകിയ വെള്ളത്തിൽ മുഖം കഴുകാം.
ആത്മീയ പൊങ്ങച്ചത്തിന്റെ ചാരുകസാലയിടാം.
കയ്ക്കുന്ന മാങ്കൊമ്പിൽ വിഡ്ഢിച്ചിരിയാവാം. ■




## തെരഞ്ഞെടുത്ത ഖുത്വ്ബകൾ

ലോക പ്രശസ്ത പണ്ഡിതനായ ശൈഖ് യൂസുഫുൽ ഖറദാവിയുടെ തെരഞ്ഞെടുത്ത പ്രഭാഷണങ്ങളുടെ സമാഹാരമാണ് 'തെരഞ്ഞെടുത്ത ഖുത്വ്ബകൾ.' പാരത്രിക മോക്ഷം ആഗ്രഹിക്കുന്ന ഏതൊരാൾക്കും പ്രയോജനപ്പെടുന്ന ആത്മീയ പ്രധാനമായ ഉപദേശങ്ങളടങ്ങിയ കൃതി. മൊഴിമാറ്റം നടത്തിയിരിക്കുന്നത് അബ്ദുൽ അസീസ് പുതിയങ്ങാടി. പ്രസാധനം ഐ.പി.എച്ച്. വില 90 രൂപ.

## ഹിന്ദുസ്താൻ

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് അറുപതാണ്ട് കഴിഞ്ഞു. കഠിനാധ്വാനത്തിലൂടെ നേടിയെടുത്ത ഈ സ്വാതന്ത്ര്യം പട്ടിണിപ്പാവങ്ങളായ 80 ശതമാനത്തിലധികം വരുന്ന ദരിദ്രർക്കാണോ, 20 ശതമാനത്തിനു താഴെ വരുന്ന ധനികർക്കാണോ ഗുണം ചെയ്തതെന്ന അമർഷം രേഖപ്പെടുത്തുന്ന ഇബ്റാഹീം വെങ്ങരയുടെ നാടകമാണ് 'ഹിന്ദുസ്താൻ.' പ്രസാധനം പ്രതീക്ഷ ബുക്സ്. വില 70 രൂപ.




